"ഭരണഭാഷ - മാതൃഭാഷ"

<u>വളരെ അത്യാവശ്യം</u>

## വ്യാവസായിക പരിശീലന വകുപ്പ്
### (കേരള സംസ്ഥാനം)

നമ്പർ: ജി1/784/15(2)

ചാക്ക, തിരുവനന്തപുരം
തീയതി: 12.06.2015

### <u>ചുറ്ററിയിപ്പ്</u>

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ജൂലൈ 2015(ഒന്നാം സെമസ്റ്റർ - സപ്ലിമെന്ററി), രണ്ടാം സെമസ്റ്റർ- എം.ഐ.എസ് പോർട്ടൽ മുഖേന മാർക്ക്ഷീറ്റ് ലഭ്യമാകാത്ത ട്രെയിനികൾക്ക് ഹാൾടിക്കറ്റ് അപേക്ഷയോടൊപ്പം സമർപ്പിക്കേണമെന്ന നിർദ്ദേശം- സംബന്ധിച്ച്.

സൂചന:- ജി1/784/15(1)(2) നമ്പരായുള്ള 28.5.15 ലെ വിജ്ഞാപനങ്ങൾ

***************

2015 ഫെബ്രുവരി എ.ഐ.ടി.ടിക്ക് ഒന്നാം സെമസ്റ്റർ എഴുതിയ ട്രെയിനികളിൽ നിന്നും ഒന്നാം സെമസ്റ്റർ (സപ്ലിമെന്ററി), രണ്ടാം സെമസ്റ്റർ ആയി ജൂലൈ 2015 എ.ഐ.ടി.ടി എഴുതുന്നതിന് അപേക്ഷ സമർപ്പിക്കുന്നതിന് സൂചന പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. ടി വിജ്ഞാപനപനത്തിൽ എം.ഐ.എസ് പോർട്ടൽ മുഖേന ലഭിച്ച മാർക്ക്ഷീറ്റിന്റെ പകർപ്പ് സഹിതം അപേക്ഷിക്കാനാണ് നിർദ്ദേശം നൽകിയിരുന്നത്. എന്നാൽ ഒന്നാം സെമസ്റ്റർ ആയി എഴുതിയ കുറച്ച് ട്രെയിനികൾക്ക് എം.ഐ.എസ് പോർട്ടൽ മുഖേന മാർക്ക്ഷീറ്റുകൾ ലഭിച്ചിരുന്നില്ല. ടി സാഹചര്യത്തിൽ എം.ഐ.എസ് പോർട്ടൽ മുഖേന മാർക്ക്ഷീറ്റ് ലഭിക്കാത്ത ട്രെയിനികൾ ഒന്നാം സെമസ്റ്റർ ആയി എഴുതിയ ഹാൾടിക്കറ്റ് സഹിതം അപേക്ഷ സമർപ്പിക്കേണ്ടതാണ്. ബന്ധപ്പെട്ട സ്ഥാപനമേധാവികളും നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാരും സൂചന പ്രകാരുമുള്ള വിജ്ഞാപനത്തിലെ നിർദ്ദേശങ്ങൾ എല്ലാംതന്നെ പാലിച്ച് ട്രെയിനികളുടെ അപേക്ഷകൾ ശുപാർശ ചെയ്യേണ്ടതാണ്. മാർക്ക്ഷീറ്റ് ലഭ്യമായ ട്രെയിനികൾ സൂചന പ്രകാരമുള്ള വിജ്ഞാപനത്തിൽ നിർദ്ദേശിച്ച പ്രകാരം അപേക്ഷയോടൊപ്പം മാർക്ക്ഷീറ്റും സമർപ്പിക്കേണ്ടതാണ്.

ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി

എല്ലാ ഗവ/സ്വകാര്യ/എസ്.സി.ഡി.ഡി/
എസ്.റ്റി.ഡി.ഡി സ്ഥാപന മേധാവികൾക്കും

എ-12.6.15